# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാംസമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3965** **21/06/2019-ൽ മറുപടിയ്ക്ക്**

### കേരള ബാങ്ക് രൂപീകരണം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. പാറക്കൽ അബ്ദുല്ല | | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) | കേരള ബാങ്ക് രൂപീകരണത്തിനായി റിസർവ് ബാങ്ക് മുന്നോട്ടുവച്ച വ്യവസ്ഥകളിൽ നാലാമത്തേതായി, ബാങ്കുകളുടെ ലയനത്തിന് പൊതുയോഗത്തിൽ മൂന്നിൽ രണ്ട് ഭൂരിപക്ഷം വേണമെന്ന നിബന്ധന ഉൾപ്പെട്ടത്തിയിരുന്നോ ; | (എ) | ഉൾപ്പെട്ടുത്തിയിരുന്നു. |
| (ബി) | എങ്കിൽ ഇതു പാലിക്കാതെ മൂന്ന് ജില്ലാ ബാങ്കുകൾ ലയനപ്രമേയം അംഗീകരിക്കുക ഉണ്ടായോ ; | (ബി) | സഹകരണ നിയമ രൂപീകരണം സംസ്ഥാനത്തിന്റെ അധികാരത്തിൽപ്പെടുന്നു. 2019-ൽ സഹകരണ നിയമ ഭേദഗതി അംഗീകരിക്കപ്പെട്ടതോടെ ലയന പ്രമേയം പാസ്സാക്കുന്നതിന് കേവല ഭൂരിപക്ഷം മതിയാകും. നിലവിലെ സഹകരണ നിയമാനുസൃതം മലപ്പുറം ജില്ലാ സഹകരണ ബാങ്ക് ഒഴികെയുള്ള എല്ലാ ജില്ലാ സഹകരണ ബാങ്കുകളിലും ലയന പ്രമേയം പാസ്സായിട്ടുണ്ട്. |
| (സി) | ഭേദഗതിക്കുമുമ്പുള്ള നിയമത്തിലെ വ്യവസ്ഥ അടിസ്ഥാനമാക്കിയാണോ റിസർവ് ബാങ്ക് മൂന്നിൽ രണ്ട് ഭൂരിപക്ഷം എന്ന നിബന്ധന വച്ചത് ; | (സി) | 2019 ൽ സഹകരണ നിയമത്തിൽ അംഗീകരിച്ച ഭേദഗതിക്ക് മുൻപ് ലയന പ്രമേയം പാസ്സാക്കുന്നതിന് മൂന്നിൽ രണ്ടു ഭൂരിപക്ഷം ആവശ്യമായിരുന്നു. ആയതിനാലാകാം റിസർവ്വ് ബാങ്ക് നിബന്ധനകളിൽ അത്തരത്തിൽ ഒരു നിർദ്ദേശം വന്നിട്ടുള്ളത് എന്ന് കരുതുന്നു. |

| | | | |
|---|---|---|---|
| (ഡി) | എങ്കിൽ പിന്നീട് വ്യവസ്ഥ ഭേദഗതി ചെയ്ത് കേവലഭൂരിപക്ഷം എന്നാക്കി മാറ്റിയത് റിസർവ് ബാങ്ക് അംഗീകരിക്കുമെന്ന് സർക്കാരിന് ഉറപ്പുണ്ടോ ; | (ഡി) | റിസർവ്വ് ബാങ്ക് നിബന്ധനകളിൽ ഒന്നാമത്തെ ഇനം "കേരള സഹകരണ നിയമവും ചട്ടങ്ങളും സമ്പൂർണ്ണമായും പാലിച്ച് വേണം ലയനം നടത്തേണ്ടത്" എന്നതായിരുന്നു. അപ്രകാരം മാത്രമേ നടപടി സ്വീകരിച്ചിട്ടുള്ളൂ. ആയതിനാൽ തന്നെ ടി നടപടി റിസർവ്വ് ബാങ്ക് അംഗീകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു. |
| (ഇ) | സംസ്ഥാനത്തെ എല്ലാ ജില്ലാ ബാങ്കുകളും ഇതിനകം ലയനപ്രമേയം പാസാക്കിയിട്ടുണ്ടോ, വിശദമാക്കുമോ ? | (ഇ) | മലപ്പുറം ഒഴികെയുള്ള എല്ലാ ജില്ലാ സഹകരണ ബാങ്കുകളും നിലവിലെ സഹകരണ നിയമ പ്രകാരം ലയന പ്രമേയം പാസ്സാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ